# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 788      30.01.2019-ൽ മറുപടിയ്ക്ക്

## ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ പഠനം

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ സ്കൂൾപഠനം പൂർത്തിയാക്കാതെ നിർത്തിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഗോത്രവർഗ്ഗ കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കുവാൻ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി വിജയപ്രദമാണോ; | ബി) | ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പ്രൈമറിതല വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ വയനാട് ജില്ലയിൽ ഗോത്രബന്ധു പദ്ധതി വിജയപ്രദമാണ്. |
| സി) | പ്രസ്തുത കുട്ടികളെ പഠിപ്പിക്കുന്നതിന് അവരുടെ ഭാഷ സംസാരിക്കുന്ന അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഈ പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ഡി) | സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പട്ടികവർഗ്ഗ മേഖലയിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ഇ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സ്ഥാപിച്ച സാമൂഹ്യ പഠനമുറി സംവിധാനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | ഇ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സ്ഥാപിച്ച സാമൂഹ്യപഠനമുറി സംവിധാനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്താകെ 100 സാമൂഹ്യപഠനമുറികൾ നടപ്പിലാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കാസർഗോഡ് - 5<br>കണ്ണൂർ - 5<br>വയനാട് - 25<br>കോഴിക്കോട് - 3<br>മലപ്പുറം - 7<br>തൃശൂർ - 2<br>പാലക്കാട് - 25<br>ഇടുക്കി - 15<br>എറണാകുളം - 3<br>പത്തനംതിട്ട - 3<br>കൊല്ലം - 2<br>തിരുവനന്തപുരം - 5<br>--------<br>100<br>=====<br>മേൽപറഞ്ഞ സാമൂഹ്യപഠനമുറികളുടെ പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ നടന്നു വരുന്നു.സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കിയതിന് ശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളിലും മാതാപിതാക്കളിലും വിദ്യാഭ്യാസത്തെ സംബന്ധിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും സ്കൂളിൽ എല്ലാപ്രവർത്തി ദിവസങ്ങളിലും കൃത്യസമയത്ത് എത്തിച്ചേരുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്കൂളിൽ പഠിപ്പിച്ച പാഠഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാർ മുഖേന പരിഹരിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**